**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5734** **08-11-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും ആലോചിക്കുന്നുണ്ട്. നിലവിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന കുടുംബശ്രീ ജീവനക്കാർക്ക് പരിരക്ഷ നൽകികൊണ്ടുള്ള "ഒരുമ പദ്ധതി" മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെ.എസ്.ഇ.ബി ഉൾപ്പെടെയുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ അംഗങ്ങൾ, വിവിധ വെൽഫെയർ ബോർഡ് അംഗങ്ങൾ/ ആശാവർക്കർമാർ/ കുടുംബശ്രീ അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി പത്ത് ലക്ഷം പേരെയെങ്കിലും ഗുണഭോക്താക്കളാക്കുന്ന വിധത്തിൽ ഒരു ബൃഹത്തായ ഇൻഷ്വറൻസ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരികയാണ്. കൂടാതെ അംഗൻവാടി അദ്ധ്യാപികമാരെ വകുപ്പിന്റെ എസ്.എൽ.ഐ, ജി.ഐ.എസ് പദ്ധതികളിൽ അംഗമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. നിലവിലെ ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതിയെ (GPAIS) നവീകരിച്ച് അപകടമരണത്തിനും കൂടാതെ സ്വാഭാവിക മരണത്തിനും കൂടി ആനുകൂല്യങ്ങൾ നൽകുന്ന വിഷയം ('ജീവൻ രക്ഷാപദ്ധതി') സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ